# അധ്യാപക സഹായി

## പ്രവേശികാ പാഠം

കേരള സർക്കാർ

***Prepared by*** :
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in
*e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Printed at : KBPS, Kakkanad, Kochi-30
© Department of Education, Government of Kerala

# പ്രവേശിക പാഠം
# എന്ത്? എന്തിന്? എങ്ങനെ?

ഭാഷ ആർജ്ജിക്കാനും പ്രയോഗിക്കാനുമുള്ള ശേഷി നേടുക എന്നത് ഏറ്റവും സങ്കീർണ്ണമായ വ്യവഹാരങ്ങളിൽ ഒന്നാണ്. സാധാരണ കേൾവിയുള്ള കുട്ടികളിൽ സ്വാഭാവികമായ പഠനാന്തരീക്ഷത്തിൽ അത് സ്വായത്തമാക്കാൻ സാധിക്കും. എന്നാൽ ശ്രവണ പരിമിതിയുള്ള കുട്ടികളിൽ ഈ ശേഷി നേടുവാൻ വളരെ പ്രയാസം അനുഭവിക്കേണ്ടിവരുന്നു. കുട്ടിയുടെ അവശേഷിച്ചിട്ടുള്ള ശ്രവണശേഷി പരമാവധി പ്രയോജനപ്പെടുത്തി സാധാരണ ഭാഷാശേഷി വികസിപ്പിക്കുന്നതിന് പല ഉപാധികളും സ്വീകരിക്കാവുന്നതാണ്. ശ്രവണം (Listening), വായന (Reading), അധര വായന (Speech reading), ആംഗ്യഭാഷ (Sign Language), വിരൽ അക്ഷരമാല (Finger Spelling) തുടങ്ങി യവയിലൂടെ ഭാഷ ഗ്രഹിക്കാനും സംസാരം (Speech) എഴുത്ത് (Writing) ആംഗ്യഭാഷ എന്നിവയിലൂടെ ആശയം പ്രകടിപ്പിക്കാനുള്ള സാധ്യത കണ്ടെത്തി ക്ലാസ് മുറികളിൽ പ്രാവർത്തികമാക്കേണ്ടതുണ്ട്.

ഒന്നാം ക്ലാസിൽ എത്തുന്ന ശ്രവണപരിമിതിയുള്ള കുട്ടികൾ വ്യത്യസ്തതലത്തിൽ ഭാഷാശേഷി നേടിയവരായിരിക്കും. നിലവിലുള്ള പഠനരീതിയും പാഠപുസ്തകവും മൂല്യനിർണയവും പലർക്കും ഉൾക്കൊള്ളാൻ കഴിയില്ല. ഇത്തരം കുട്ടികളെ പുതിയ പഠനരീതിയിലേക്കും പാഠപുസ്തകത്തിലേക്കും ആനയിക്കുന്നതിന് ഒരു പ്രവേശിക പാഠം തയ്യാറാക്കേണ്ടത് അനിവാര്യമായ സാഹചര്യത്തിലാണ് ഈ പാഠപുസ്തകം തയ്യാറാക്കിയിട്ടുള്ളത്. സാധാരണ ഭാഷാ ശേഷി കൈവരിച്ച കുട്ടിയോടൊപ്പം എത്തിക്കുന്നതിനുള്ള മുന്നൊരുക്കമാണ് ഈ പാഠഭാഗത്തിലെ പ്രവർത്തനങ്ങൾ.

ശ്രവണ പരിമിതിയുള്ള കുട്ടിയെ സംബന്ധിച്ച് ബൗദ്ധികമായ തലം സാധാരണ കുട്ടികളുടേതിന് സമാനമാണ്. ആയതിനാൽ സാധാരണ കുട്ടികൾ കൈവരിക്കേണ്ട പഠനനേട്ടങ്ങളും, ശേഷികളും ധാരണകളും ശ്രവണ പരിമിതിയുള്ള കുട്ടികളും കൈവരിക്കേണ്ടതുണ്ട്. അതിനുവേണ്ടിയാണ് ഈ പ്രവേശികപാഠം.

ശ്രവണ പരിമിതിയുള്ള കുട്ടികൾക്കുവേണ്ടി പഠന സമ്പ്രദായം ആവിഷ്കരിക്കുമ്പോൾ ഉള്ളടക്ക രീതിയിൽ മാത്രമല്ല, പഠനരീതിയിലും മൂല്യനിർണയ സമ്പ്രദായത്തിലും മാറ്റം ആവശ്യമാണ്. കുട്ടിയുടെ പരിമിതികൾ, വ്യക്തിത്വം, പ്രായം ആശയവിനിമയ ശേഷി ഇവ കണക്കിലെടുത്തുകൊണ്ടുള്ള മനശ്ശാസ്ത്രപരമായ സമീപനം ആവിഷ്കരിക്കേണ്ടതുണ്ട്.

## ഉദ്ദേശ്യങ്ങൾ

1. ശ്രവണ പരിമിതിയുള്ള കുട്ടികളുടെ പ്രാഥമിക ഭാഷാശേഷികൾ വികസിപ്പിക്കുക
2. അധര വായന, ആംഗ്യവായന എന്നിവയിലൂടെ ആശയ വിനിമയശേഷി വർദ്ധിപ്പിക്കുക
3. വീട് കുടുംബം എന്നിവയുമായി ബന്ധപ്പെട്ട് വീട്ടിലെ വിവിധ ഉപകരണങ്ങൾ കുടുംബാംഗങ്ങൾ, വളർത്തുമൃഗങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് പറയുന്നതിന്
4. നാം കഴിക്കുന്ന ആഹാരസാധനങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തി പറയുന്നതി ന്
5. പ്രാഥമികഗണിതാശയങ്ങളായ വലുത്/ചെറുത്, ഉയരം കൂടിയത് /കുറഞ്ഞത്, മുകളിൽ/താഴെ, നീളം കൂടിയത്/കുറഞ്ഞത്. അടുത്ത്/അകലെ, ഭാരം കൂടിയത്/ കുറഞ്ഞത്., വിവിധ ആകൃതികൾ, ചതുരം, വൃത്തം, ത്രികോണം തുടങ്ങിയവ തിരിച്ചറിഞ്ഞ് പറയുന്നതിന്.
6. ചുറ്റുപാടുമുള്ള പരിചിത വസ്തുക്കൾ തിരിച്ചറിഞ്ഞ് അവയുടെ പേര് പറയുന്നതിന്
7. കഥകളിലൂടെ ഇംഗ്ലീഷ് ഭാഷ പരിചയപ്പെടുന്നതിനുള്ള അവസരം നൽകുന്നതിന്.
8. പരിചിതമായ കളികളിലൂടെ ആഹ്ലാദകരമായ പഠനാന്തരീക്ഷം ഒരുക്കി പഠനപ്രക്രിയ സജീവമാക്കുന്നതിന്.
9. കുട്ടികളിൽ പരസ്പര സഹകരണം കൈവരിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
10. ചിത്രങ്ങൾ സംയോജിപ്പിച്ച് നിറം കൊടുക്കാനുള്ള ശേഷി വർധിപ്പിക്കുന്നതിന്
11. വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി വിവിധങ്ങളായ ശേഷികളും കഴിവുകളും പൂർണതോതിൽ നേടുന്നതിന്.

## സമീപനം

ഏതു നിലവാരത്തിലുള്ള കുട്ടിക്കും ആശയം ഉൾക്കൊള്ളാനും ഭാഷാവിനിമയ ശേഷി കൈവരിക്കാനും ഉതകുന്ന തരത്തിൽ കുട്ടിയുടെ നിത്യപരിചിതമായ അനുഭവവുമായി പഠനത്തെ ബന്ധപ്പെടുത്തേണ്ടതുണ്ട്. പഠനം സ്വാഭാവികവും സന്തോഷകരവുമായ ഒരനുഭവമായി മാറണം. ആ അനുഭവത്തിലൂടെ ആശയം ഗ്രഹിക്കുകയും അവ ഭാഷയിലൂടെ പ്രകടമാക്കുകയും ചെയ്യുന്നതിന് അനുയോജ്യമായ ചിത്രങ്ങൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

പഠനം ഔപചാരികമായി നിർവഹിക്കുന്നു എന്ന തോന്നൽ കുട്ടികളിൽ ഉണ്ടാകാതെ കളികളിലൂടെയും പാട്ടുകളിലൂടെയും പ്രവർത്തനങ്ങളിലൂടെയും മുന്നേറാനുള്ള

അവസരം ഉണ്ടാകണം. അതിനായി പ്രയോജനപ്പെടുത്താവുന്ന കളികളും പാട്ടുകളും പ്രവേശിക പാഠത്തിൽ നൽകിയിട്ടുണ്ട്. നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനും കളികളിൽ ഏർപ്പെടാനും സാധിക്കണം.

ഉദാഹരണം: കൈകൊട്ടിക്കളി, പന്തുരുട്ടിക്കളി, മുത്തുകോർക്കൽ കളി, അബാക്കസ് കളി തുടങ്ങിയവ.

**പാട്ടുകൾ:**

പൂച്ച നല്ല പൂച്ച
ചന്തമുള്ള പൂച്ച
പാലുവച്ച പാത്രം
കാലിയാക്കി പൂച്ച

വീട് നല്ല വീട്
ഞാൻ വരച്ച വീട്
എന്തു നല്ല വീട്
എന്റെ സ്വന്തം വീട്

കുട്ടി ഏറ്റവും കൂടുതൽ ഇടപഴകുകയും സൗഹാർദ്ദം സ്ഥാപിക്കുകയും ചെയ്യുന്നത് വീട്ടിലും കുടുംബത്തിലുമാണ്. വീട് കുട്ടിയുടെ വൈകാരികമായ വികസനത്തിനുള്ള ഇടമാണ്. അച്ഛൻ, അമ്മ, അപ്പൂപ്പൻ, അമ്മൂമ്മ, ചേട്ടൻ, ചേച്ചി എന്നിവരെ തിരിച്ചറിയാനും ഓരോരുത്തരുടെയും റോൾ എന്താണെന്ന് മനസ്സിലാക്കുന്നതിനും കുട്ടിക്ക് കഴിയണം. വീട്ടിൽ ഉപയോഗിക്കുന്ന സാധനങ്ങൾ, വീട്ടിലെ വളർത്തുമൃഗങ്ങൾ, വീട്ടിലെ പൂന്തോട്ടം, പച്ചക്കറികൾ എന്നിവയൊക്കെ ചർച്ച ചെയ്യണം. കുട്ടിയിൽ പരിസരം അറിയാനുള്ള ജിജ്ഞാസ ഉണ്ടാക്കിയെടുക്കുന്നതിലൂടെ അവയൊക്കെ മനസ്സിലാക്കാനുള്ള സ്വാഭാവികശേഷി കൈവരിക്കുന്നു. വീട്ടിൽ ഉണ്ടാക്കുന്ന ആഹാരവസ്തുക്കളെ സംബന്ധിച്ചും ധാരണ കൈവരിക്കാൻ നടപടി സ്വീകരിക്കണം. ആഹാരവസ്തുക്കളുടെ പേര്, അവയുടെ പ്രത്യേകത, രുചി തുടങ്ങിയവയെകുറിച്ച് ചർച്ചയാകാം.

ശ്രവണ പരിമിതിയുള്ള കുട്ടിക്ക് ചുറ്റുമുള്ള ശബ്ദങ്ങളെ നേരിട്ട് ശ്രവിക്കാൻ പറ്റാത്തതുകൊണ്ട് ഭാഷാ വിനിമയം വലിയ ഒരു പരിമിതിയാകുന്നു. ഇത് മാറ്റിയെടുക്കുന്നതിനുവേണ്ടി ആംഗ്യത്തിലൂടെയും അധരവായനയിലൂടെയും ആശയങ്ങൾ രൂപപ്പെടുത്താനുള്ള ശ്രമം രക്ഷാകർത്താവിന്റെയും ടീച്ചറുടെയും ഭാഗത്തുനിന്ന് ഉണ്ടാകണം. നിരന്തരമായ പരിശ്രമത്തിലൂടെ മാത്രമേ ഇത് കൈവരിക്കാൻ സാധ്യമാവൂ. ശ്രവണം, സംസാരം, വായന, എഴുത്ത് എന്നിവ സാധ്യമാക്കുന്നിനുള്ള പ്രവർത്തനങ്ങൾ

ക്രമാനുഗതമായി നൽകാം. ശ്രവണ പരിശീലനത്തിന് പ്രത്യേകം ഊന്നൽ നൽകണം. ശ്രവണബോധം, ശബ്ദം തിരിച്ചറിയൽ, ശബ്ദം വേർതിരിച്ച് മനസ്സിലാക്കൽ എന്നീ നൈപുണികൾക്ക് ഊന്നൽ നൽകണം.

ഭാഷാ പഠനവുമായി ബന്ധപ്പെടുത്തി ആദ്യഘട്ടത്തിൽ ഭാഷാ സ്വീകരണ നൈപുണി, കേൾവി, വായന എന്നിവയ്ക്ക് പ്രാധാന്യം കൊടുക്കുകയും ക്രമേണ ഭാഷാ പ്രകടന നൈപുണി, സംസാരം, എഴുത്ത് എന്നിവ വികസിപ്പിക്കുന്നതിനും അവസരം കൊടുക്കണം.

ഭാഷാ വികസനത്തിന് കഥ പറയൽ, വാർത്താ സംഭാഷണങ്ങൾ, സന്ദർശനങ്ങൾ, നിർദ്ദേശക പ്രവർത്തനങ്ങൾ തുടങ്ങിയവ പ്രയോജനപ്പെടുത്താവുന്നതാണ്.

കുട്ടി ഇടപെടുന്ന വീടും പരിസരവും പഠനത്തെ പ്രോത്സാഹിപ്പിക്കുന്ന ഉപാധികളായി മാറേണ്ടതുണ്ട്. പരിസരം നിരീക്ഷിച്ച് വസ്തുക്കളുടെ പേര് കണ്ടെത്തുക, അവയുടെ പ്രത്യേകതകൾ പറയുക, ഒരേ പ്രത്യേകതയുള്ളവ കണ്ടെത്തുക, കണ്ടെത്തലുകളിൽ നിന്ന് നിഗമനങ്ങൾ രൂപീകരിക്കുക തുടങ്ങിയവയ്ക്ക് അവസരം ഉണ്ടാകണം. പരിസരവുമായി നിരന്തരം ഇടപെട്ട് പരിസരവുമായി ഇഷ്ടം കൂടാനുള്ള മനോഭാവം കുട്ടികളിൽ വളർത്തണം.

നിത്യ ജീവിതവുമായി ബന്ധപ്പെട്ട് ചെറുത്/ വലുത്, അടുത്ത്/ അകലെ, കൂടുതൽ/ കുറവ്, നീളം കൂടിയത്/ കുറഞ്ഞത്, മുന്നിൽ/ പിന്നിൽ തുടങ്ങിയ ഗണിതാശയങ്ങൾ കുട്ടി ബോധ്യപ്പെടണം. അതിനുള്ള പ്രായോഗിക പ്രവർത്തനങ്ങൾ ഉദ്ഗ്രഥിതമായി നൽകണം. സമയത്തെ സംബന്ധിച്ച് രാവിലെ, ഉച്ചസമയം, രാത്രി, പകൽ തുടങ്ങിയവയും തിരിച്ചറിയണം.

ശ്രവണ പരിമിതിയുള്ള കുട്ടികൾ ആംഗ്യഭാഷയുടെ (Sign Language) ഭാഗമായി ആശയവിനിമയത്തിന് കൂടുതലായും ഉപയോഗപ്പെടുത്തുന്നത് ഇംഗ്ലീഷ് ഭാഷയാണ്. മാത്രമല്ല, ഒരു അന്തർദ്ദേശീയ ഭാഷ എന്ന നിലയിലും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം നേടേണ്ടതുണ്ട്. ആയതിനാൽ ഇംഗ്ലീഷ് ഭാഷയോടുകൂടി ആഭിമുഖ്യം ഉണ്ടാകുന്ന തരത്തിൽ കഥകളിലൂടെയും പാട്ടിലൂടെയും ഇംഗ്ലീഷ് ഭാഷ പരിചയപ്പെടുത്തി ഇംഗ്ലീഷ് വിഷയത്തോട് താൽപ്പര്യം ഉണ്ടാകുന്നതിന് അവസരം നൽകണം.

ചിത്രം വരയ്ക്കാനും നിറം കൊടുക്കാനും കുട്ടി വളരെ അധികം ഇഷ്ടപ്പെടുന്നു. അതിനായി പരമാവധി അവസരങ്ങൾ നൽകണം. വിവര വിനിമയ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയും ഇതിനുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്തണം.

ശ്രവണ പരിമിതിയുള്ള കുട്ടികളുടെ പഠനം കാര്യക്ഷമമാക്കുന്നതിനുവേണ്ടിയാ

ണ് ഈ പ്രവേശിക പാഠങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. പാഠഭാഗങ്ങൾ ഉദ്ഗ്രഥിതമായാണ് അവതരിപ്പിക്കേണ്ടത്. ഭാഷാശേഷി കൈവരിക്കുന്നതിനും പരിസര പഠനശേഷി വളർത്തുന്നതിനും ഗണിതശേഷി കൈവരിക്കുന്നതിനും കുട്ടികൾ വ്യക്തിപരമായി മികവുകൾ കൈവരിക്കുന്നതിനൊപ്പം കൂട്ടായ്മ വർദ്ധിപ്പിക്കാനും പഠനം ആഹ്ലാദകരമായി ഏറ്റെടുക്കാനും പരിസരം ഇഷ്ടപ്പെടാനും ഉള്ള അവസരം ധാരാളം രൂപപ്പെട ണം.

പ്രവേശികപാഠത്തിലെ പഠന പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം പരമാവധി ഉറപ്പാക്കണം. അതോടൊപ്പം രക്ഷകർത്താക്കളെയും ബോധവൽക്കരിക്കണം. സ്കൂളിൽ അധ്യാപകനും വീട്ടിൽ രക്ഷകർത്താക്കളും ഒരുപോലെ ശ്രമിച്ചാൽ ഈ പ്രവേശികാപാഠത്തിലെ പ്രവർത്തനങ്ങൾ കുട്ടിക്ക് ആത്മവിശ്വാസത്തോടുകൂടി ഒന്നാം പാഠപുസ്തകം പഠിക്കുന്നതിന് സഹായകമാകും.

# മലയാളം

# കളിക്കാം രസിക്കാം

കുട്ടികൾ കളികൾ ഏറെ ഇഷ്ടപ്പെടുന്നവരാണ്. കളികളോടുള്ള താൽപ്പര്യം പഠനത്തിൽ കരുത്ത് പകരുന്ന തരത്തിൽ ക്ലാസ്സിൽ എല്ലാ ദിവസവും പഠനാരംഭത്തിലും മറ്റവസരത്തിലും താൽപ്പര്യജനകവും വൈവിധ്യമാർന്ന തരത്തിലുള്ളതുമായ കളികൾ ഉൾപ്പെടുത്താവുന്നതാണ്. പ്രവേശികപാഠത്തിൽ പലഭാഗങ്ങളിലായി ഏതാനും ഉദാഹരണങ്ങൾ നൽകിയിട്ടുണ്ട്. ഭാഷാ വികസനത്തിന് ഉപയുക്തമായ ശബ്ദം പുറപ്പെടുവിക്കാനും ശ്വസനക്രമം പാലിക്കുവാനും കഴിയുന്ന കളികൾ / വ്യായാമങ്ങൾ എന്നിവ ഉൾപ്പെടുത്തുന്നത് ഭാഷാപരമായ ശേഷി വികസിപ്പിക്കുന്നതിന് നല്ലതാണ്. ഇതിന് യോജിച്ച വൈവിധ്യമാർന്ന കളികൾ ക്ലാസ്സിലും വീട്ടിലും കുട്ടിയുടെ താൽപ്പര്യം പരിഗണിച്ച് നൽകുമല്ലോ.

**ലക്ഷ്യങ്ങൾ**

സംസാരവും എഴുത്തും പരിപോഷിപ്പിക്കുന്നതിന്

ശ്വസന വ്യായാമങ്ങൾ, മുഖപേശികളുടെയും സംസാര അവയവങ്ങളുടെയും (Speech organs) ശക്തി വർദ്ധിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ശരീര അവയവങ്ങളുടെ കൃത്യമായ നിയന്ത്രണത്തിനും ആവശ്യമായ കളികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റ് സമാന കളികൾ സ്വീകരിക്കാവുന്നതാണ്.

**വിലയിരുത്തൽ**

കുട്ടികളുടെ സംസാരശേഷി വികസന പുരോഗതി, ഇന്ദ്രിയങ്ങളെ സംയോജിപ്പിച്ചുകൊണ്ട് പ്രവർത്തിപ്പിക്കാനുള്ള ശേഷിയിലുള്ള വർദ്ധനവ് എന്നിവ അധ്യാപകരും രക്ഷിതാക്കളും നിരന്തരം വിലയിരുത്തേണ്ടതാണ്. ലക്ഷ്യം നേടാത്ത കുട്ടികൾക്ക് കൈത്താങ്ങ് നൽകി ശേഷികൾ വികസിപ്പിക്കേണ്ടതാണ്.

# കുടുംബം

പാഠപുസ്തകത്തിലെ കുടുംബചിത്രം പ്രദർശിപ്പിക്കുന്നു. ഇതുപോലെ അംഗങ്ങൾ കൂടുതലുള്ളതും കുറവുള്ളതുമായ ചിത്രങ്ങൾ നിരീക്ഷിക്കാൻ അവസരങ്ങൾ കൊടുക്കാവുന്നതാണ്. ചിത്രങ്ങൾ നിരീക്ഷിച്ചശേഷം കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം മനസ്സിലാക്കാനും പദരൂപം തിരിച്ചറിയാനും അവസരം നൽകുമല്ലോ. ഈ പാഠഭാഗത്തിൽ രക്ഷിതാക്കളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുവേണം പദങ്ങൾ ഉറപ്പിക്കാൻ. ഓരോ സന്ദർഭത്തിലും ബന്ധങ്ങൾ വാചികമായി പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ നൽകുമല്ലോ.

ഉദാ: ഇത് എന്റെ അച്ഛൻ ആണ്.

അടുത്ത ഘട്ടത്തിൽ ചിത്രവും പദവും നിരീക്ഷിച്ച് പറയിക്കുവാനും തുടർന്ന് പദരൂപം മാത്രം പ്രദർശിപ്പിച്ച് (ചിത്രം മറച്ചുവച്ച്) ചിത്രവായനയിലൂടെ പറയുവാനും കുട്ടിക്ക് അവസരം ഒരുക്കുമല്ലോ.

തുടർന്ന് രക്ഷിതാക്കളുടെയും മറ്റും സഹായത്തോടെ സ്വന്തം കുടുംബാംഗങ്ങളുടെയും ചിത്രങ്ങൾ ഒട്ടിക്കാം.

ഓരോ ചിത്രങ്ങൾ ഒട്ടിക്കുമ്പോഴും ബന്ധപ്പെട്ട പദങ്ങൾ ഉച്ചരിക്കാൻ അവസരം നൽകുമല്ലോ. ഹൃദിസ്ഥമാക്കിയ വാക്കുകൾ ഉറപ്പിക്കുന്നതിനായി വീട്ടിൽ ആരെല്ലാം എന്ന ഭാഗത്തിലെ ആടാം പാടാം എന്ന പദ്യം ഉപയോഗപ്പെടുത്തുമല്ലോ Speech Training, Auditory Training എന്നിവയ്ക്കായാണ് പറയാം, കേൾക്കാൻ ശ്രമിക്കാം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നത്.

പറയാം ബന്ധിപ്പിക്കാം എന്ന പ്രവർത്തനം അധരവായനയ്ക്കനുസരിച്ച് വരച്ച് ചേർക്കേണ്ടതാണ്. കുട്ടികളുടെ പഠന പുരോഗതിയ്ക്കനുസരിച്ച് കൂടുതൽ ചിത്രങ്ങൾ ഉൾപ്പെടുത്തി ബന്ധിപ്പിക്കാവുന്നതാണ്.

**വിലയിരുത്തൽ**

കുട്ടികളുടെ സംസാരശേഷി വികസന **(Speech)** കാര്യങ്ങൾ മനസ്സിലാക്കിയുള്ള ബന്ധിപ്പിക്കൽ, വിലയിരുത്തലിന് പ്രയോജനപ്പെടുത്താവുന്നതാണ്.

# നമ്മുടെ ആഹാരം

പാഠപുസ്തകത്തിൽ നൽകിയിട്ടുള്ള ചിത്രങ്ങളും കുട്ടികൾക്ക് പരിചിതങ്ങളായ മറ്റ് ആഹാരപദാർത്ഥങ്ങളുടെയും ചിത്രങ്ങൾ പ്രദർശിപ്പിക്കാവുന്നതാണ്. ഓരോന്നിന്റെയും പേരും വാചികമായി അവതരിപ്പിക്കുവാൻ അധ്യാപിക ശ്രദ്ധിക്കുമല്ലോ.

ഉദാ: ഞാൻ രാവിലെ പൂരി തിന്നു

ഞാൻ രാവിലെ പുട്ടും പഴവും കഴിച്ചു

ഒറ്റയാനെ കണ്ടെത്തി പൊട്ട് ഒട്ടിക്കുക എന്ന പ്രവർത്തനത്തിൽ ഒരേ വരിയിൽ കൊടുത്തിട്ടുള്ള ചിത്രങ്ങളിൽ വേറിട്ടു നിൽക്കുന്നതിന് പൊട്ട് ഒട്ടിക്കട്ടെ. അതിനുശേഷം ഇവ ഓരോന്നും വാചികമായി പറയാൻ അവസരം നൽകാം. പറയാം കേൾക്കാൻ ശ്രമിക്കാം എന്ന പ്രവർത്തനവും ചെയ്യിക്കുമല്ലോ. പരമാവധി ആഹാരസാധനങ്ങളുടെ ചിത്രങ്ങൾ രക്ഷിതാക്കളുടെ സഹായത്തോടെ ശേഖരിച്ച് കുട്ടികൾ വ്യത്യസ്ത ആൽബങ്ങൾ തയ്യാറാക്കട്ടെ. ഓരോ ആഹാര പദാർത്ഥങ്ങളുടെയും താഴെയുള്ള പദരൂപങ്ങൾ പരിചയപ്പെടുത്തുമല്ലോ. ഭക്ഷണ പദാർത്ഥങ്ങളുടെ മാതൃക പദരൂപങ്ങളായി എഴുതി പ്രദർശിപ്പിക്കുന്നത് നന്നായിരിക്കും.

**വിലയിരുത്തൽ**

വിവിധ തരത്തിലുള്ള ആഹാരങ്ങളുടെ പേര് പറയാനും ചിത്രങ്ങൾ മനസ്സിലാക്കാൻ കഴിയുന്നുണ്ടോ എന്നും വിലയിരുത്താം

# വീടും പരിസരവും

ചിത്രവായനയിലൂടെ കുട്ടി എന്തെല്ലാം വസ്തുക്കളെയും ഏതെല്ലാം ജീവികളെയും കാണുന്നു എന്ന് ചോദിക്കാവുന്നതാണ്. കുത്തുകൾ കൂട്ടി യോജിപ്പിച്ച് ഓരോ കുട്ടിയ്ക്കും വീട് വരയ്ക്കാനും അതിന് നിറം നൽകാനും അവസരം നൽകാവുന്നതാണ്.

വ്യത്യസ്ത വലിപ്പത്തിലും ആകൃതിയിലും ഉള്ള വീടുകളുടെ ചിത്രങ്ങൾ കുട്ടികളെ കാണിച്ചുകൊടുക്കാവുന്നതും ചിത്രങ്ങൾ വരയ്ക്കാനായി പ്രേരിപ്പിക്കാവുന്നതും ആണ്. തുടർന്ന് കുട്ടി വരച്ച വീടിനെ ഉപയോഗിച്ചുകൊണ്ട് ആടാം പാടാം എന്ന ഗാനം കുട്ടികളുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് താളത്തിൽ ചൊല്ലാനുള്ള അവസരം നൽകുമല്ലോ. വീടിന്റെ മറ്റ് വിശേഷണങ്ങൾ ചേർത്ത് വിപുലീകരിക്കാവുന്നതാണ്.

ഉദാ: അച്ചരനുള്ള വീട്, ചന്തമുള്ള വീട്

# മൃഗങ്ങളും പക്ഷികളും

നമുക്ക് പറയാം എന്ന ഭാഗത്തിലെ ചിത്രങ്ങൾ നിരീക്ഷിച്ച് മൃഗങ്ങളുടെ പേരുകൾ പറയട്ടെ. അവർക്കറിയാവുന്ന മറ്റ് മൃഗങ്ങളുടെ പേരുകൾ പറയാൻ അവസരം നൽകുമല്ലോ.

ഒരേപോലെയുള്ള മൃഗങ്ങളെ വരച്ച് ജോഡി ചേർക്കുക എന്ന പ്രവർത്തനം ചെയ്യിക്കാം. Speech Training, Auditory Training എന്നീ പരിശീലനങ്ങൾ പറയാം. കേൾക്കാൻ ശ്രമിക്കാം എന്ന ഭാഗത്തിൽ ചെയ്യാം.

**നമുക്ക് പറയാം**

നമുക്ക് പറയാം എന്ന ഭാഗത്തിലെ ചിത്രങ്ങൾ നിരീക്ഷിച്ച് പക്ഷികളുടെ പേരുകൾ പറയട്ടെ. അവർക്കറിയാവുന്ന മറ്റ് പക്ഷികളുടെ പേരുകൾ പറയാൻ അവസരം നൽകാം.

Speech Training, Auditory Trainig എന്നീ പരിശീലനങ്ങൾ പറയാം കേൾക്കാൻ ശ്രമിക്കാം എന്ന ഭാഗത്തിൽ ചെയ്യാം.

**ജോഡി കണ്ടെത്താമോ?**

ജോഡികളെ പരസ്പരം ബന്ധിപ്പിക്കുമ്പോൾ കൈ മസിലുകൾക്ക് പെൻസിലി

നെ നിയതമായ ദിശയിലേക്ക് കൊണ്ടുപോകാൻ കഴിയുന്നുണ്ടോ എന്ന് നിരീക്ഷിക്കാവുന്നതാണ്.

**വിലയിരുത്തൽ**

ഒരേപോലെയുള്ള ചിത്രങ്ങളെ തിരിച്ചറിയാനും ബന്ധിപ്പിക്കാനും കൈവിരലിലുള്ള പേശികളെ നിയന്ത്രിക്കാനുമുള്ള കഴിവും വിലയിരുത്താം.

കുത്തുകൾ കൂട്ടിയോജിപ്പിച്ച് നിറം കൊടുക്കൂ എന്ന പാഠഭാഗത്തിൽ കുത്തുകൾ യോജിപ്പിച്ച് നിറം കൊടുക്കാൻ അവസരം നൽകണം. കൈവിരലുകളുടെ മസിലുകൾ കുത്തുകളിലൂടെ കടന്നുപോകുന്നുണ്ടോ എന്നും ഉചിതമായ നിറമാണോ നൽകുന്നതെന്നും വിലയിരുത്തേണ്ടതാണ്.

കൂട്ടായും ഒറ്റയ്ക്കും ആടാം പാടാം എന്ന പാട്ട് താളത്തിൽ പാടി അഭിനയിക്കാൻ അവസരം കൊടുക്കാം.

# ശബ്ദമുണ്ടാക്കാം

ചിത്രങ്ങൾ നിരീക്ഷിച്ചും അക്ഷരങ്ങളിലൂടെ കണ്ണോടിച്ചും അനുഭവങ്ങളിലൂടെയും മനസ്സിലാക്കിയ അതത് ജീവികളുടെ ശബ്ദങ്ങൾ പുറപ്പെടുവിക്കട്ടെ. ഒറ്റയ്ക്കും കൂട്ടായും ഇത് ആവർത്തിക്കേണ്ടതാണ്. തുടർന്ന് ജീവികളുടെ ചിത്രങ്ങൾ കാണിച്ചുകൊടുത്ത് ശബ്ദങ്ങൾ പുറപ്പെടുവിക്കാനുള്ള അവസരം ഉണ്ടാക്കാം. അതുപോലെ ശബ്ദങ്ങൾ പുറപ്പെടുവിക്കുമ്പോൾ ജീവികളുടെ പേര് പറയാൻ കുട്ടികൾക്ക് അവസരം നൽകാം. കൂടാതെ ആ.... ഈ............. ഊ... തുടങ്ങിയ ശബ്ദങ്ങളും ഉച്ചത്തിൽ പറയിപ്പിക്കുന്നത് സംസാര അവയവങ്ങളുടെ ശേഷി വർദ്ധിപ്പിക്കാൻ പരിശീലിപ്പിക്കാം.

കിട്ടാവുന്നത്ര പക്ഷികളുടെയും മൃഗങ്ങളുടെയും ചിത്രങ്ങൾ ഒട്ടിച്ച ഒരു ആൽബം കൂടി രക്ഷിതാവിന്റെ സഹായത്തോടെ തയ്യാറാക്കട്ടെ. ജീവികളുടെ ശബ്ദങ്ങൾ അനുകരിക്കാൻ കുട്ടികൾ ശ്രമിക്കട്ടെ.

**വിലയിരുത്തൽ**

വിവിധതരം പക്ഷികൾ, മൃഗങ്ങൾ ഇവയുടെ ചിത്രങ്ങൾ തിരിച്ചറിഞ്ഞ് പേര് പറയാനും ശബ്ദം അനുകരിക്കാനും കുട്ടിക്ക് കഴിയുമോ എന്ന് പരിശോധിക്കാം

# വാഹനങ്ങൾ

ചിത്രവായനയിലൂടെ കുട്ടി ഏതെല്ലാം വാഹനങ്ങളുടെ ചിത്രങ്ങൾ കാണുന്നുവെന്ന് ചോദിക്കാവുന്നതാണ്. കുട്ടികൾക്ക് അവരുടെ അനുഭവങ്ങൾ പറയുവാനുള്ള അവസരം ഒരുക്കുമല്ലോ. കുട്ടിക്ക് പരിചിതമായതും വ്യത്യസ്തരീതിയിലുമുള്ള വാഹനങ്ങളുടെ ചിത്രങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കാവുന്നതാണ്.

ചിത്രങ്ങൾ പൂർത്തിയാക്കി നിറം കൊടുക്കൂ എന്ന പ്രവർത്തനത്തിൽ കുത്തുകൾ യോജിപ്പിച്ച് വാഹനത്തിന്റെ ചിത്രം പൂർണമാക്കാം. Speach Training, Auditory Training എന്നിവ യഥാസമയം നൽകുമല്ലോ. വാഹനങ്ങളുടെ പേരുകളും അവ ഏത് മാർഗ്ഗം സഞ്ചരിക്കുന്നു എന്നത് ഉറപ്പുവരുത്താനായി പാഠഭാഗത്തിൽ കാണിച്ചിരിക്കുന്ന പാട്ട് പാടാം.

**വിലയിരുത്തൽ**

ചിത്രങ്ങൾ കാണിച്ച് വാഹനങ്ങളുടെ പേര് പറയാൻ അവസരമുണ്ടാക്കിക്കൊടുക്കാം.

# ശരീര അവയവങ്ങൾ

വിവിധ കളികൾക്കുശേഷം ശരീരത്തിൽ അവയവങ്ങളെ ഓരോന്നായി വാചികമായി പറയാനും അവ സ്പർശിച്ചു കാണിക്കാനും അവസരം നൽകുക. അതോടൊപ്പം കൈ, കാൽ ഓരോന്നും ഉയർത്തിയും താഴ്ത്തിയും കണ്ണ്, മൂക്ക് ഇവയിൽ സ്പർശിച്ചും ചെറിയ വ്യായാമങ്ങൾ നൽകാവുന്നതാണ്. Speech Training Auditory Training ഇവ നൽകാം.

**വിലയിരുത്തൽ**

ഓരോ അവയവങ്ങളുടെയും പേര് പറയുമ്പോൾ തൊട്ടു കാണിക്കുവാനും തൊട്ടു കാണിക്കുന്നവയുടെ പേര് പറയാൻഅവസരം നൽകിയും കുട്ടികളുടെ അറിവ് വിലയിരുത്താവുന്നതാണ്. കളിക്കാം രസിക്കാം എന്ന പാഠഭാഗത്തിൽ സംഘം ചേർന്നുള്ള കളികളിൽ ഏർപ്പെടുത്തി വിസിൽ, മണി, ഡ്രം എന്നിവയുടെ ശബ്ദം കേൾപ്പിച്ചും വിവിധ അംഗങ്ങളുടെ പ്രവർത്തനങ്ങളെ സമന്വയിപ്പിച്ചും ഉള്ള കളികൾ കുട്ടികൾക്ക് എങ്ങനെ പ്രയോജനം ചെയ്യും.

# പ്രവൃത്തി പരിചയം

ഓലകൊണ്ടും ഈർക്കിൽ കൊണ്ടും വിവിധ മാതൃകകൾ, കളിക്കോപ്പുകൾ എന്നിവ നിർമ്മിക്കാൻ അവസരം നൽകുന്നു. വിരലുകളുടെ പേശികൾ നിയതമായ രീതിയിൽ ചലിപ്പിക്കുന്നതിന് ഒരിക്കൽ നിർമ്മിച്ച വസ്തുക്കളെ ഓർമ്മയിൽ വച്ച് പുതിയവ നിർമ്മിക്കാനും അവയെ അനുരൂപീകരണം നടത്തി മറ്റൊരു രൂപമാക്കി മാറ്റുന്നതിനുള്ള ശേഷി കൈവരിക്കാനും അവസരം നൽകാം.

**വിലയിരുത്തൽ**

നിർമ്മിച്ച വസ്തുക്കളുടെ ഭംഗി, പുതുമ, വേഗത, പൂർണ്ണത എന്നിവ കണക്കിലെടുത്ത് വിലയിരുത്താവുന്നതാണ്.

# പച്ചക്കറികൾ

അധ്യാപിക വിവിധയിനം പച്ചക്കറികൾ ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. അവയുടെ പേരുകൾ പറയാൻ ആവശ്യപ്പെടുന്നു. Speech Training നൽകുന്നു.

**പച്ചക്കറി വണ്ടി**

പാഠപുസ്തകത്തിൽ ഓരോരുത്തരും പിടിച്ചിട്ടുള്ള സഞ്ചിയിലെ ചിത്രങ്ങൾ നിരീക്ഷിച്ച് അവർക്ക് ആവശ്യമായ പച്ചക്കറികൾ ഏതെന്ന് പറയിക്കണം. കൂടുതൽ പച്ചക്കറികൾ രക്ഷിതാക്കളുടെ സഹായത്തോടെ ക്ലാസ്സിൽ കൊണ്ടുവന്ന് അവയുടെ പേരുകൾ പറയാൻ അവസരം കൊടുക്കാം.

**വിലയിരുത്തൽ**

പച്ചക്കറികളുടെ ചാർട്ടുകൾ കാണിച്ച് അവയുടെ പേരുകൾ പറയാൻ അവസരം നൽകാം.

വിവിധ പച്ചക്കറികൾ ഫാബ്രിക് പെയിന്റ് കലക്കിവയ്ക്കാനുള്ള പാത്രങ്ങൾ, വെളുത്ത തുണി, വെള്ളം, കത്തി തുടങ്ങിയ ആവശ്യമായ സാമഗ്രികൾ അധ്യാപിക ക്ലാസ്സിൽ കൊണ്ടുവരുന്നു. വെജിറ്റബിൾ പ്രിന്റിംഗ് നടത്തുന്ന രീതി കുട്ടികൾക്ക് കാണിച്ചുകൊടുക്കുന്നു. തുടർന്ന് ഓരോ കുട്ടിയും അവരുടെ ഭാവനയ്ക്കനുസരിച്ച് വ്യത്യസ്ത ആകൃതികൾ തുണിയിൽ രൂപപ്പെടുത്തുന്നു. മെച്ചപ്പെട്ട രൂപങ്ങൾ ഉണ്ടാക്കാൻ അധ്യാപിക സഹായിക്കുന്നു. കുട്ടികളുടെ ഭാവന വളർത്താനും പേശികളുടെ ചലനം കൃത്യതയുള്ളതാക്കാനും വിവിധ അംഗങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാനും ഇതുവഴി കഴിയുന്നു. പ്രിന്റ് ചെയ്ത തുണികൾ നിരീക്ഷിച്ച് കുട്ടികളെ വിലയിരുത്താവുന്നതാണ്.

# ഗണിതം

## ആമുഖം

കേൾവി ശേഷിയില്ലാത്ത കുട്ടികളുടെ ഗണിതപഠനത്തിന് ആക്കം കൂട്ടുന്നതിനാണ് പ്രവേശികാപാഠം ഉദ്ദേശിച്ചിട്ടുള്ളത്. കുട്ടി ഒന്നാം ക്ലാസിലെ പാഠഭാഗങ്ങളിലേക്ക് കടക്കുകയാണ്. അതിന് മുമ്പ് ഗൃഹാന്തരീക്ഷത്തിൽ വച്ചും ചുറ്റുപാടുകളിൽ നിന്നും അവൻ ആർജ്ജിച്ച അനുഭവ സമ്പത്തും അറിവും പുതിയ അറിവുകൾ നേടിയെടുക്കുന്നതിനുവേണ്ടി ഒരുക്കപ്പെടേണ്ടതുണ്ട്. ഗണിതം പഠിപ്പിക്കുക എന്നതിലല്ല, മറിച്ച് ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള തയാറെടുപ്പായാണ് ഇവിടെയുള്ള പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടിട്ടുള്ളത്.

ഭാഷാ ശേഷികൾ കൈവരിക്കുന്നതോടൊപ്പം തന്നെ ഗണിതശേഷികളും ഇടകലർത്തി വികസിപ്പിക്കാവുന്നതേയുള്ളൂ. കുട്ടിക്ക് പരിചിതമായതും വൈവിധ്യമുള്ളതുമായ വസ്തുക്കളും ആകർഷകമായ ചിത്രങ്ങളും ആശയഗ്രഹണത്തിന് എളുപ്പമായ ശരീര ഭാഷയും ഈ ഘട്ടത്തിൽ സമർത്ഥമായി പ്രയോഗിക്കണം. പ്രവർത്തനങ്ങൾ സ്വയംചെയ്യുന്നതിനും മറ്റുള്ളവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും അവനെ പ്രോത്സാഹിപ്പിക്കണം.

# എന്റെ വീട്

'എന്റെ വീട്' എന്നതാണ് ആദ്യഭാഗത്തുള്ളത്. ഇത് ഭാഷാ പഠനത്തിലും നേരത്തെ കണ്ടിട്ടുണ്ട്. കുട്ടിയ്ക്ക് പരിചിതവും എളുപ്പത്തിൽ ഉൾക്കൊള്ളാൻ കഴിയുന്നതുമായ രംഗം എന്ന നിലയിലാണ് ഈ ഭാഗം ചേർത്തിട്ടുള്ളത്. ഇതൊരു ചിത്രവായനയ്ക്ക് അവസരമൊരുക്കുന്നു. വ്യത്യസ്തങ്ങളായ പല വസ്തുക്കൾ, ജീവികൾ, സാധനങ്ങൾ ഇവ പ്രത്യേകസ്ഥാനങ്ങളിലായി നിലകൊള്ളുന്നു. 'എന്ത്, എവിടെ' എന്നീ അന്വേഷണങ്ങളാണ് നടക്കേണ്ടത്. വസ്തുക്കളുടെ പേര് ഉച്ചരിച്ചോ ആംഗ്യഭാഷയിലൂടെ കാണിച്ചോ ഓരോന്നിലും അവന്റെ ശ്രദ്ധ കൊണ്ടുവരണം. പുസ്തകത്തിലെ ചിത്രം അപര്യാപ്തമെങ്കിൽ ഇത്തരം ചിത്രങ്ങൾ വെട്ടി ഒട്ടിച്ച ഒരു വലിയ ചിത്രം അധ്യാപികയ്ക്ക് നിർമ്മിക്കാം. ആവശ്യമെങ്കിൽ പഠനാനന്തരം ഈ ചിത്രങ്ങളെ പഠിതാക്കളെ കൊണ്ടുതന്നെ സ്ഥാനങ്ങളിൽ ഉറപ്പിക്കാം. അപ്പോൾ ഓരോന്നിന്റെയും പേര് പറയാം. മുകളിൽ, താഴെ, ദൂരെ എന്നീ പ്രയോഗങ്ങളും സാന്ദർഭികമായി ഉപയോഗിക്കാം. അവ പിന്നീട് ചർച്ചയ്ക്ക് വരും. വ്യത്യസ്ത വസ്തുക്കളെ തിരിച്ചറിയൽ, ഉചിതമായ സ്ഥാനങ്ങളിൽ അല്ലെങ്കിൽ നിർദ്ദേശിച്ച സ്ഥാനങ്ങളിൽ വയ്ക്കൽ, വസ്തുക്കളുടെ വലിപ്പത്തെക്കുറിച്ച് ധാരണയുണ്ടാക്കൽ തുടങ്ങിയവ ഇവിടെ ലക്ഷ്യമിട്ടിട്ടുണ്ട്.

# ചെറുതേത്? വലുതേത്?

വലിപ്പ വ്യത്യാസം തിരിച്ചറിയുന്നതിനാണ് ഇവിടെ ഉദ്ദേശിക്കുന്നത്. വലിപ്പം പല ഘടകങ്ങളെയും ആശ്രയിച്ചിരിക്കുന്നു. നിരീക്ഷണത്തിൽ പ്രകടമായ വലിപ്പ വ്യത്യാസമുള്ള രണ്ട് എണ്ണമാണ് സ്വീകരിക്കേണ്ടത്. രണ്ടിലധികം വസ്തുക്കൾ താരതമ്യത്തിന് ഈ സന്ദർഭത്തിൽ നൽകരുത്. അമ്മയും കുഞ്ഞും, പശുവും കിടാവും പോലെ ഒരു വലിയ ചക്കയും ചെറിയ ചക്കയും പാഠഭാഗത്തുണ്ട്. ചെറുത് തെരഞ്ഞെടുത്തത് ശരിയായോ എന്ന് പരിശോധിക്കാനാണ്. പൊട്ട് ഒട്ടിക്കുന്നത്. മറ്റ് രീതികളും ആവാം. തൊട്ട് കാണിക്കുക, അടയാളമിടുക, വട്ടത്തിലാക്കുക മുതലായവ. തുടർന്ന് വലുതിനെ തിരഞ്ഞെടുക്കുന്നതിനും അവസരമുണ്ട്. താരതമ്യം ചെയ്യുന്ന രണ്ട് വസ്തുക്കൾ ഒഴിച്ച് മറ്റുള്ളവ മറച്ചുവയ്ക്കുന്നത് അവർക്ക് സഹായകമാകും. ഒരേപോലുള്ള രണ്ട് കളിപ്പാട്ടങ്ങളിൽ വലുത് എടുത്തുകൊണ്ടുവരാനും വലുതിന്റെ പുറത്ത് ചെറുത് എടുത്തു വയ്ക്കാനുമുള്ള തുടർപ്രവർത്തനങ്ങളും നൽകാം.

# ഉയരം കൂടിയത് ഏത്?

വലിപ്പ വ്യത്യാസത്തിലെ മറ്റൊരു രംഗമാണിത്. ഉയരം കൂടിയതും ഉയരം കുറഞ്ഞതുമായ രണ്ട് വസ്തുക്കൾ മരങ്ങൾ, മൃഗങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയ പരിചിത വസ്തുക്കളിലൊക്കെയാകാം. ഒരു കളിക്കളത്തിന്റെ ചിത്ര വായന ഇടയ്ക്ക് ചേർത്തിട്ടുണ്ട്. അതിലെ വസ്തുക്കളെ രണ്ട് വീതം കാണിച്ച് താരതമ്യം ചെയ്ത് ഉയരം കൂടിയതിനെ കാണിക്കട്ടെ. പ്രവർത്തനങ്ങൾ വിശദീകരിച്ചാൽ അവർക്ക് സ്വയം ചെയ്യാനാകുന്നില്ലേ? ബലൂൺ പറപ്പിച്ച് ഉയരം കൂടിയ ബലൂൺ കണ്ടെത്തട്ടെ. മേലെ/ താഴെ എന്ന സംസാര ഭാഷയും ഇവിടെ പ്രയോഗിക്കാം. ഉച്ചാരണം വ്യക്തമായില്ലെങ്കിലും ആശയഗ്രഹണം നടന്നിരിക്കുന്നു എന്ന് ഉറപ്പുവരുത്തണം.

# എന്തൊരു നീളം

വലിപ്പം നീളത്തെ ആശ്രയിക്കുന്നു. നീളത്തിൽ എന്നതിനെ കാണിക്കാൻ ഈ ഘട്ടത്തിൽ നിലത്തു കിടത്തിയിട്ടിരിക്കുന്ന വസ്തുക്കളെ മാത്രം എടുക്കാം. കുത്തനെയുള്ളവ വേണ്ട. കിടത്തിയിട്ടിരിക്കുന്ന രണ്ട് വസ്തുക്കളിൽ നീളക്കൂടുതൽ ഏതിന്. പെൻസിലുകൾ, ക്രയോൺസ്, റിബൺ നീളത്തിൽ വച്ചത് തുടങ്ങിയവ ആവശ്യാനുസരണം ഉപയോഗിക്കാം. പാഠഭാഗത്തെ ചിത്രങ്ങൾക്കു പകരം വസ്തുക്കൾ തന്നെ താരതമ്യത്തിന് സ്വീകരിക്കുന്നതാണ് ആശയഗ്രഹണത്തിന് എളുപ്പം.

# ആകൃതി

ഉരുണ്ടതും പരന്നതുമായ ആകൃതികളെ മാത്രമേ ഈ ഘട്ടത്തിൽ പരിചയപ്പെടുത്തേണ്ടതുള്ളൂ. നെല്ലിക്ക, മാങ്ങ, തക്കാളി, പന്ത് തുടങ്ങിയവ ഉരുണ്ടതാണ് എന്ന് മനസ്സിലാക്കണം. ഇല, കടലാസ്, ബിസ്കറ്റ് മുതലായവ പരന്ന ആകൃതിയായി

കാണണം. കൂട്ടിയിട്ടിരിക്കുന്ന വസ്തുക്കളിൽ നിന്ന് ഉരുണ്ടവയും പരന്നതും വേറെ വേറെ വയ്ക്കാൻ കഴിയുന്നുണ്ടോ? പലഹാരങ്ങൾ ആകൃതി വേർതിരിച്ച് പറയാമോ? തൊട്ടു കാണിക്കാമോ? ഇത്തരം കാര്യങ്ങളും പരിശോധിക്കപ്പെടണം.

# സ്ഥാനം എവിടെ?

ഗ്രാമ സന്ധ്യ ചിത്രവായനയാണ്. മുകളിൽ/ താഴെ, അടുത്ത്/ അകലെ, ദൂരെ/ അടുത്ത്, അകത്ത്/ പുറത്ത് ഇവയാണ് ചർച്ച ചെയ്യുന്നത്. സാധനങ്ങൾ മുകളിലും താഴയും അടുത്തും അകലേയുമുള്ളവയെ കണ്ടെത്താൻ കഴിയണം. കളികളിലൂടെ ആശയ ഗ്രഹണം എളുപ്പത്തിൽ കൊണ്ടുവരാൻ കഴിയും. ലഘുവായ പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കുമല്ലോ.

# ചന്തയിലേക്ക്

ഇത് ഒരു ചിത്രവായനയാണ്. ഭാരമുള്ള വസ്തുക്കൾ കൈയിലും തലയിലും വാഹനങ്ങളിലും ഏറ്റി കൊണ്ടുവരുന്ന വിധം കാണിക്കാം. അവർ പുസ്തക സഞ്ചിയും വെള്ളക്കുപ്പിയും ഏറ്റികൊണ്ടുവരുന്നതും കാണിക്കാം.

രണ്ടുപേർ ഏറ്റുന്ന ഭാരങ്ങളിൽ കൂടിയതും കുറഞ്ഞതും തിരിച്ചറിയണം. അതിന് അവരുടെ ശരീരചലനങ്ങളാണ് അടിസ്ഥാനം. വെള്ളക്കുപ്പിയും പുസ്തകസഞ്ചിയും അവർ ഇതേവിധം വഹിച്ചുനടക്കട്ടെ. പ്രകടമായ ഭാരവ്യത്യാസമുള്ള രണ്ടു വസ്തുക്കളെ താരതമ്യത്തിനുവയ്ക്കാം. ഭാര കൂടുതലുള്ള മൃഗങ്ങൾ, കല്ലുകൾ, പെട്ടികൾ ഇവയും നൽകാം. ഭാരം, കുറവ്/ കൂടുതൽ നിശ്ചയിക്കട്ടെ. നിരീക്ഷിച്ച് പറയൽ മാത്രമേ ഉദ്ദേശിക്കുന്നുള്ളൂ.

# തുടക്കം/ഒടുക്കം

പ്രവർത്തനങ്ങളുടെ ആരംഭവും അവസാനവും സമയവുമായി ബന്ധപ്പെട്ടതാണ്. ഇത്തരം ലഘു പ്രവൃത്തികൾ ഏത് ആദ്യം?, ഏത് പിന്നീട്? എന്ന തരത്തിൽ അവതരിപ്പിക്കാം. ഷർട്ട് ഇടുന്നു/ ബട്ടൺ ഇടുന്നു തുടങ്ങിയവ ചെയ്തുകൊണ്ടുതന്നെ ആദ്യം/ പിന്നീട് എന്ന സമയബോധം കൊണ്ടുവരാം.

# കൂടുതൽ/ കുറവ്

എണ്ണത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് വ്യത്യസ്ത വലിപ്പമുള്ള രണ്ട് കൂട്ടങ്ങളെ തിരിച്ചറിയേണ്ടതുണ്ട്. ഇതിന്റെ തുടക്കമെന്ന നിലയിലാണ് ഈ വലിപ്പവ്യത്യാസം ഇവിടെ പരിചയപ്പെടുത്തുന്നത്. അങ്കണവാടിയിൽ വ്യത്യസ്ത കൂട്ടങ്ങളുണ്ട്. കുട്ടികളുടെ വലിയ കൂട്ടവും ചെറിയ കൂട്ടവും തേങ്ങകളുടെ വലിയ കൂട്ടവും ചെറിയ കൂട്ടവും ഇവിടെ കൂട്ടങ്ങളിൽ വലുതും ചെറുതും എന്നാൽ കൂടുതൽ ഉള്ളതും കുറവുള്ളതും എന്നാണർത്ഥം. അതുകൊണ്ടുതന്നെ കൂടുതൽ ഉള്ളത് / കുറവുള്ളത് എന്ന തരത്തിൽ മാത്രം ഇവിടെ പരിചയമുറപ്പിക്കണം. നിരീക്ഷണത്തിൽ കൂടുതലും കുറവും പ്രകടമാകുന്ന രണ്ട് കൂട്ടങ്ങളെ അഭിപ്രായത്തിന് വിധേയമാക്കണം. ഒരേ രീതിയിലുള്ള വസ്തുക്കളായിരിക്കണം രണ്ടു കൂട്ടത്തിലും. മഞ്ചാടിക്കുരു കൂട്ടങ്ങൾ, പുളിങ്കുരു കൂട്ടങ്ങൾ, ഗോട്ടികളുടെ കൂട്ടങ്ങൾ, നെല്ലിക്കയുടെ കൂട്ടങ്ങൾ തുടങ്ങി വൈവിധ്യമുള്ള രണ്ട് കൂട്ടങ്ങളുമായി താരതമ്യം ചെയ്യാം. കൂട്ടങ്ങളിലെ വസ്തുക്കൾ കൂട്ടം തെറ്റി നിൽക്കുന്നവിധത്തിൽ നൽകരുത്. ഒരു വലയത്തിനുള്ളിലോ പാത്രത്തിലോ കൂമ്പാരമായോ ഒക്കെ കൂട്ടങ്ങളെ ഒരുക്കാം. കൂടുതലുള്ളതും കുറവുള്ളതും കണ്ടെത്തി അട

യാളപ്പെടുത്തട്ടെ. ഓരോ പ്രവർത്തനത്തിനും ആവശ്യമായ സമയം നൽകുമല്ലോ.

# ENGLISH

## TO THE TEACHERS

This package is ment only to initiate the learning readiness in the children. The leaners come to the first standard may not have experienced any kind of language exposurs. To them, it can be very hard to follow the prscribed text book. This package will help them to prepare to follow the learning activities in the text effectively. All the activities are planned in a way to create interest in taking part in the learning process. Listening, speaking, picture reading, colouring, drawing, making garden are some of the activities we included in this package. Teacher should focus on the process and activities, not in the words and sentences. All the modes of communicationsshould be purposefully adopted to make the classroom effective. Stories should be presented in story chart, animations and vedio versions. The focus should be given on listening and understanding the stories. Activities followed by the story can be used for assessing the learner.

Rhymes are planed only for enjoying. Teacher can develop any strategy to transact songs and rhymes. They are able to enjoying songs and rhymes. Some concepts and valued are to be generated in the learners, such activities are also included. Learners are to be directed to perform the activities individualy and in group. Teacher should ensure participations each and every learner. Utilisation of ICT, proper teaching meterials and objects. Field visit, directed activity, conversations and acting could be fruitfully utilised.

Each package includes some breathing exercise and neuromoto exercise. Teacher should some kids containing the necessary meterials to make the activities effective.

Hope this package will help our learners very well.

PACKAGE I

# MY CAP

## Activity I

Entry Activity

**Objectives**

To Create a rapo with the children.
To enable them to listen to the teacher
To enable them to identify different pictures
To enable them to react to the surroundings

**Process**

Teacher interacts with the children. You can ask
Are you happy?
Do you like your mother?
Teacher shows the given picture on a chart or on screen.
Teacher enacts it and ask the children to imitate as shown in the picture.
Let all the children to do the activity.
Then teacher can ask like,
when will you cry?
When will you happy?
Invite responses.

## Activity 2

**Objectives**

To create interest in doing activities
To develop eye-hand Co.- ordination.
To develop learner's creativity.

**Process**

Teacher gives sheets of paper and ask them to fold into different shapes

like square, triangle etc...

Teacher shows a cap made using chart. Ask them to follow each step to make a cap.

You can follow the stages given in the text. Teacher exhibits each steps.

Learners follow the teacher.

Displays all caps in the class

Ask them to put it on their heads

## Activity 3

**Objectives**

To create interest in doing activities

To develop eye-hand Co.- ordination.

To develop learner's creativity.

**Process**

Teacher shows a cap

Teacher gives the worksheet to each learner. Ask them to join the dots.

Give crayons ask them to colour the picture as they like.

Exhibits all the pictures.

## STORY TIME

# THE CAP SELLER

**Objectives**

To enable the learners to listen the stories.

To enable to understand different characters in the story.

To help them to enact the story.

To engage them into different activities.

**Process**

Teacher leads the learners to the story given in the text.

Do you like stories?

Who tells you stories at home?

Now I will tell you a story.

Displays the story screen or chart. Do not use the sentences. Teacher presents the story orally using all the body language, facial expressions and gesters.

Let the learner listen to the story many times.

Interaction questions:

Can you identify the characters in the story?

Let them pointout the cap seller and monkey.

## Activity 4

**Objectives**

To enable them to understand the story.

To identify the events of the story.

To sequence the events in proper order.

**Process**

Present the story chart. Cut the story into different events. shuffle them on a table. Let the children re arrange the pictures looking at the story chart.

It may help them to do the task.

## Activity 5

**Objective**

To understand the story.

To enable them to act.

**Process**

Exhibit the story chart.

Asks them to identify the charatcters. Let them act the story.

## Activity 6

**Objective**

To understand the story.

To enable them drawing.

**Process**

Asks them to identify fruits from the pictures. Let them draw a circle. Let them draw lines from the fruits to the monkey's mouth.

## Activity 7

Let us Say the name

**Objectives**

Identify different fruits.

**Process**

Let them guess their names.

Let them say weather in English or in Malayalam.

It can make use of the real or their models.

**Objectives**

To enable them compare different pictures.

To identify the correct pairs.

To match the same pictures.

**Process**

Show them pictures of fruits Ask them to identify the same picture of fruits.

Let them connect the pictures by drawing lines.

## Activity 9

**Objectives**

To compare the different fruits,

To Identify the colour of the fruit.

To sensertise the colour of different fruits

**Process**

Distributes the worksheet. Shows the picture of different fruits. Let the learner colour the fruits.

## Activity 10

**Objective**

To improve neuro- muscular co-ordination.

To engage in games.

**Process**

Let the lerners identify the monkey which lost its tail.

Let them draw a tail.

## Activity 11

**Objective**

To initiate speaking.

To practise breath exercises.

To distiguish function of different body part.

**Process**

Let the learner fill the balloon.

Encourage them to do the best.

Engage them in doing the activities.

Give maximum chances to each learner.

Package II

# CA! CA! SAYS THE CROW

## Activity I

### Entry Activity

**Objectives**

To enable the learners to praticipate in learning activities.l

To improve his/her lering readiness

To enjoy songs and action.

**Process**

Shows cut out of a tree on the wall.

Gives cut out of a crow.

Asks the learner to paste the cutout of the crow on the branch of the tree.

Teacher sings, Ca... Ca... flies the crow.

Ca... Ca.. sits the crow

Let the Children run around singing

Ca! Ca! when the teacher sings.

Let the children sit singing Ca! Ca!,

When teacher sings Ca! Ca! sits the crow

Repeat the activity twice.

## Activity 2

**Objectives**

To enjoy rhymes

To improve rhythmic movements

To Sensetise rhythm and actions

**Process**

Teacher sings the lines with action

Let the children clap along with the teacher

Let the learner observe teacher's actions and song.

## Activity-3

**Objectives**

To sustain interest in learning

To engage in different games

To sensetise group perfomance and group sharing.

**Process**

Teacher devides the class into two one group is given the picture of animals.

The second group is given the picture of birds.

Let the Children stand around the circle.

Let the group of birds jump into pond, when the teacher sings 'birds' into the pond. When teacher says 'on the bank' let the Children jump on to the bank

Let the second group do the same continuously and rhythmically.

## Story Time

**Objectives**

To enjoy simple stories.

To enact the story.

To understand simple stories.

To engage in simple games.

**Process**

Teacher presents the story on the screen or on the chart.

Teacher need not present the sentences on the chart.

Tell the story many times with body language, facial expression and voice modulation.

Teacher may ask

What was the mother making?

Who took away neyyappom?

Where did the crow sit?

Let them respond in signs, mother tongue or in gesters

## Activity 4

**Objectives**

To understand simple stories

To enjoy simple stories

To enact the story

**Process**

Present the picture story in the chart

Select characters like mother, crow and fox.

Give masks of crow and fox.

Let the Children enact the story.

## Activity 5

**Objectives**

To identify different Characters

To distiguish the characters

**Process**

Teacher gives the pictures of the characters of the story.

Let the learner identify the characters of the story.

Let them say the names.

## Activity 6

**Objecives**

To understand the different events of the story.

To Sequence the events of the story.

To develop a concept of the story.

**Process**

Teacher exhibits the story chart.

Distributes the pieces of story.

Let the learners rearrange the story.

Let them findout the missing part.

## Activity 7

**Objectives**

To identify the similarities
To match the same pictures
To associate picture to picture.

**Process**

Distribute the worksheet
Ask them to findout different animals
Let them circle the same animals
Let them draw a line to match them.

## Activity 8

**Objectivies**

To identify animals and birds.
To classify birds and animals.
To findout the differences.

**Process**

Display the worksheet.
Let them mark animals using same colour.
Let them mark birds with another colour.
Direct the learner to draw lines to the suitable box.

## Activity 9

**Objectives**

To observe different pictures
To identify birs and animals
To classify pictures.

**Process**

Let the learners collect the pictures of birds and animals.
Let them paste the pictures in suitable column.
Let them keep it as their album.

## Activity 10

**Objectives**

To understand the functions of different speech organs.
To understand different sounds.
To help them to produce different sounds

**Process**

Teacher gives whistle.
Teacher blows the whistle.
Let the learner experience the sounds
Let them make sounds.

## Activity 11

**Objectives**

To understand the functions of different speech organs.
To understand different sounds of animals and birds.
To help them to produce different sounds

**Process**

Teacher shows the pictures of different animals and birds
Give chances to hear different sounds of animals and birds.
Teacher imitates sounds.
Let the learners experience sounds of animals and birds.
Let them make sounds.

Package III

# MY GARDEN

## Activity I

### Entry Activity

**Objectives**

To enable the learner to observe the surroundings.
To identify different objects in the garden and their features.
To develop interest in playing with nature.
To create a fellow felling towards flowers, plants, butterfiles etc.
To engage in different activities.
To create colour concept.
To enjoy simple rymes.
To improve neuro muscular co ordination by doing activities
To impart value of protection of nature.

**Process**

Teacher shows the picture of a garden asks simple questions like
What do you see in the picture?
What are the things do you see?
Have you garden in your house?
Invite responses.
Do you like garden? Let's make a garden.
Leads the learner to the school premises/garden.
Collect plants sticks flowers etc.
Prepares a sand tray.
Initiate the learner to put the things in the sand tray.
Let them observe their garden.
Teacher says, This is our garden.

## Activity II

**Objectives**

To Create a colour concept.

To understand colour and shape of different flowers and fruits.

**Process**

Display the chart of flowers and fruits.

Distributes the worksheet.

Let them observe and colour the picture with the suitable colour.

## Activity 3

**Objectives**

To create concept of colour and shape.

To compare and contrast objects.

To improve pre-writing skills.

**Process**

Display the chart of flowers and fruits

Distribute the worksheet.

Let them observe and colour the picture with suitable colour

## Activity 4

## Story Time

**Objectives**

To listen and understand the story

To understand the morals of the story.

To create the feeling that garden is our friend.

To create the notions that love flowers and garden.

**Process**

Teacher presents the animated version of the story.

Present the story with proper facial expression, body language and

voice modulation.

Prepare masks of the slowers butterfly

Asks them interacting questions.

How many roses are there in the garden?

Who danced with flowers?

Who came to the garden?

Let them enact the story.

## Activity 5

**Objectives**

To enjoy simple rhymes.

To enhance the rhythm.

To create a concept of number.

**Process**

Teacher sings the lines many times with action, body movement and facial expression.

Stresses on number one, two, three.

Let the learners clap their hands and imitate the teacher

## Activity 6

**Objectives**

To improve pre-writing skill.

To develop concept of shape and colours.

To develop fine motor skills.

**Process**

Distribute the worksheet, pencil and crayons

Let them complete the picture

## Activity 7

**Objectives**

To develop speaking skills

To guess and infer the objects

To associate picture and names

**Process**

Let the learners see the pictures.

Let them guess their name.

Individual attempt.

Give necessary corrections.

## Activity 8

**Objectives**

To create the concept of making garden

To assume shapes and colours of objects like tree, butterfly, leaf and flower

To engage in doing activity

**Process**

Teacher distributes colour paper crayons and scissors

Teacher demonstrates how to cut paper to make flowers, butterflies and plants

Let the learner follow instructions to make plants, flowers and butterflies in groups.

Let them paste it on the chart

Gives necessary help.